**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5691** **13-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനിയറിംഗ് എൻട്രൻസ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി സംസ്ഥാനത്ത് സർക്കാർ അംഗീകരിച്ച എത്ര സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് കോച്ചിംഗ് നൽകുന്നതിന് സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത് താല്പര്യപത്രം ക്ഷണിച്ചാണ്. കഴിഞ്ഞ വർഷങ്ങളിൽ ബ്രില്യൻസ് സ്റ്റഡിസെന്റർ പാലാ, ആൽഫാ അക്കാഡമി ആലപ്പുഴ, പ്രൊഫ. പി.സി. തോമസ്സ് ക്ലാസസ്സ് തൃശ്ശൂർ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകിയത്. ഈ വർഷം കോച്ചിംഗ് നൽകുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ച് വരുന്നു. |
| (ബി) | ഇവിടെ , 2016 മുതൽ 2021 നാളിതുവരെ എത്ര മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കാണ് പരിശീലനം നൽകി വരുന്നത്; വ്യക്തമാക്കാമോ ; | (ബി) | 2016-17 ൽ 33 വിദ്യാർത്ഥികൾക്കും, 2017-18 -ൽ 50 വിദ്യാർത്ഥികൾക്കും, 2018-19 - ൽ 56 വിദ്യാർത്ഥി കൾക്കും, 2019-20 - ൽ 84 വിദ്യാർത്ഥികൾക്കും, 2020-21 – ൽ 61 വിദ്യാർത്ഥികൾക്കും, ഉൾപ്പെടെ ആകെ 284 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | 2016-21 കാലയളവിൽ പ്രസ്തുത പരിശീലനത്തിനായി എത്ര തുകയാണ് സർക്കാർ ചെലവഴിച്ചത് എന്ന് വ്യക്തമാക്കുമോ? | (സി) | 2016-17 മുതൽ 2020-21 വരെ പ്രസ്തുത പരിശീലനത്തിനായി ഒരു വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽഫീസ്, മെസ്സ് അലവൻസ്, പുസ്തകങ്ങൾ ഉൾപ്പെടെ 1,30,000/- രൂപ നിരക്കിൽ 284 വിദ്യാർത്ഥികൾക്ക് 3.692 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ